പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **6250** **07.11.2016**-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യ്ക്ക് ടാക്സി ഇനത്തിലുള്ള ചെലവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പാറക്കൽ അബ്ദുല്ല | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |
| (എ) | ഔദ്യോഗിക വാഹനങ്ങൾ ഉണ്ടായിട്ടും ടാക്സി കാറുകൾക്കായി കെ.എസ്.ആർ.ടി.സി. ബാംഗ്ലൂരിൽ ഭീമമായ തുക ചെലവഴിച്ച കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | വിവിധ ഔദ്യോഗികാവശ്യങ്ങൾക്ക് കോർപ്പറേഷന്റെ വാഹനം ലഭ്യമാകാത്ത സാഹചര്യത്തിലാണ് ബാംഗ്ലൂരിൽ കെ.എസ്.ആർ.റ്റി.സി. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ ടാക്സി കാറുകൾ വാടകയ്ക്ക് എടുത്തിട്ടുള്ളത്. ടി കാറുകളുടെ വാടക ആഡിറ്റിനു വിധേയമായി സുൽത്താൻ ബത്തേരി യൂണിറ്റിൽ നിന്നുമാണ് നൽകിയിട്ടുള്ളത്. കെ.എസ്.ആർ.ടി.സി.ക്ക് ബാംഗ്ലൂരിൽ TATA യുടെ ഒരു ഇൻഡിക്ക കാർ മാത്രമാണ് ഉള്ളത്. ഈ വാഹനം ബാംഗ്ലൂരിലെ കെ.എസ്.ആർ.ടി.സി ഓഫീസിലെ ദൈനംദിന കാര്യങ്ങൾക്കും മറ്റ് അത്യാവശ്യങ്ങൾക്കുമായി ഉപയോഗിക്കുകയാണെങ്കിൽ മാത്രമാണ് പുറമെ നിന്ന് വാഹനങ്ങൾ വാടകക്ക് എടുക്കേണ്ടി വരുന്നത്. ടാക്സി വാടകയിനത്തിൽ 17.03.2015 മുതൽ 23.08.2016 വരെ 1,53,152/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ എന്തിനാണ് ഈ വിധം ടാക്സി കാറുകൾ വാടകയ്ക്കെടുക്കുന്നതെന്ന് വെളിപ്പെടുത്തുമോ; കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ബാംഗ്ലൂരിൽ ടാക്സി വാടക ഇനത്തിൽ കെ.എസ്.ആർ.ടി.സി. ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; | | |
| (സി) | കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും ബാംഗ്ലൂരിൽ ടാക്സി ഇനത്തിലുള്ള ചെലവുകൾ ചുരുക്കാൻ കോർപ്പറേഷൻ തയ്യാറാകാത്ത സാഹചര്യമെന്തെന്ന് വിശദമാക്കുമോ? | | |

(ഒപ്പ്)

സെക്ഷൻ ഓഫീസർ